# അരളി ശലഭം

നമ്മുടെ നാട്ടിൽ എല്ലാകാലത്തും വളരെ സാധാരണമായി കാണപ്പെടുന്ന ചിത്രശലഭമാണ് അരളിശലഭം (കോമൺ ക്രോ). ആൽക്കാക്ക, കാക്ക ശലഭം എന്നീ പേരുകളിലും ഇവ അറിയപ്പെടുന്നു. പേരു സൂചിപ്പിക്കുന്നതു പോലെ ഇവയുടെ പുഴുക്ക(ലാർവ)ളുടെ ഭക്ഷണസസ്യം അരളിച്ചെടിയാണ്. അരളിയെകൂടാതെ ആൽവർഗത്തിലും എരുക്കുവർഗത്തിലും മുട്ടിയിടാറുണ്ട്. തോട്ടങ്ങളിൽ വളർത്താറുള്ള ചെറിയിലും ഇവയുടെ ലാർവകൾ സാധാരണമാണ്. തളിരിലകളിൽ നിക്ഷേപിക്കുന്ന മുട്ടകൾ വിരിഞ്ഞിറങ്ങുന്ന ശലഭപ്പുഴുക്കൾ ചോക്കലേറ്റു ബ്രൗൺ നിറത്തിൽ കുറുകെയായി വെളുപ്പും ചുകപ്പും വരകളുള്ളവയാണ്. ശലഭപ്പുഴുക്കളുടെ ശരീരത്തിൽ എഴുന്നുനിൽക്കുന്ന നാലു ജോഡി മുള്ളുപോലുള്ള ഭാഗങ്ങളുണ്ട്. ആർത്തിയോടെ തളിരിലകൾ ഭക്ഷിക്കുന്ന പുഴുക്കൾ അതിന്റെ വളർച്ച പൂർത്തിയായാൽ ഭക്ഷണസസ്യത്തിന്റെ ഇലയുടെ അടിഭാഗത്ത് തലകുത്തനെ നിന്ന് സമാധി കൂട് (പ്യൂപ്പ) ഒരുക്കുകയായി. ഇരുണ്ട ബ്രൗൺ നിറത്തിൽ സ്വർണ്ണവർണ്ണത്തിൽ പൊട്ടുകളുള്ള ഇവയുടെ പ്യൂപ്പ 'അരളിച്ചെടിയുടെ ഇല തന്നടിയിൽ അരുമകിങ്ങിണി' പോലെ തൂങ്ങിനില്ക്കുന്നതുക കാണാം. ഒരാഴ്ചയ്ക്കുശേഷം പ്യൂപ്പ പൊട്ടിച്ചു പുറത്തുവരുന്ന ശലഭങ്ങൾ വീണ്ടും പൂക്കളേയും ഇണകളേയും തേടി യാത്രയായി.

അരളി ശലഭത്തിന്റെ ചിറകുകൾ ഇരുണ്ട തവിട്ടുനിറമുള്ളവയാണ്. പിൻചിറകിൽ രണ്ടു വരിയായി വെളുത്ത പൊട്ടുകളും കാണാം. ചിറകു നിവർത്തിയാൽ ചിറകിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള അകലം ചിറകളവ് 85 മി.മീ. മുതൽ 95 മി.മീ വരെയാണ്. ഡനൈഡേ ശലഭകുടുംബത്തിൽ ഉൾപ്പെടുന്ന അരളിശലഭങ്ങളുടെ ശരീരത്തിൽ ഭക്ഷണസസ്യത്തിലൂടെ ലഭിക്കുന്ന വിഷാംശം കലർന്നിരിക്കുന്നതിനാൽ ഇവയെ ഇരപിടിയന്മാരായ പക്ഷികളോ പല്ലികളോ ആഹരിക്കാറില്ല. അതിനാൽ മറ്റു ചില ഗ്രൂപ്പുകളിൽപ്പെടുന്ന ചില ശലഭങ്ങളും ഇവയുടെ ആകാരവും നിറവും അനുകരിച്ച് രക്ഷപ്പെടാറുണ്ട്.

വി.സി.ബാലകൃഷ്ണൻ

അരിപ്പൂ (തേവടിശ്ശിപ്പൂ), കമ്യൂണിസ്റ്റ് പച്ച, ചെട്ടിപ്പൂ (ബന്ദി) നായ്ത്തുമ്പ തുടങ്ങിയവയുടെ പൂക്കളിൽ തേൻ നുകരാനെത്തുന്ന അരളിശലഭങ്ങൾ പൂന്തേനിനു പുറമേ വേനൽപ്പച്ച, കിലുക്കി എന്നീ ചെടികളുടെ നീരും ഊറ്റിക്കുടിക്കാറുണ്ട്. ആൺശലഭങ്ങളിൽ ഫിറമോണുകളുടെ ഉത്പാദനത്തിനാവശ്യമായ ചില ഘടകങ്ങൾ ഇതിലൂടെ ലഭിക്കുന്നു.

ദേശാടന സ്വഭാവമുള്ള അരളി ശലഭങ്ങൾ കൂട്ടം കൂട്ടമായി പറന്നു നടക്കുന്നത് കാവുകളിലെ ഒരു പതിവുകാഴ്ചയാണ്. പരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുനന കാവുകളുടെ നാശം ഒട്ടേറെ ശലഭങ്ങളുടെ നിലനില്പുകൂടി അപകടത്തിലാക്കിയിരിക്കുകയാണ്.

(അടുത്ത ലക്കത്തിൽ: നാരകക്കാളി)

